**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1978** **02-02-2024 - ൽ മറുപടിയ്ക്ക്**

**മുസ്ലിം വിദ്യാർത്ഥികൾക്ക് കൂടുതൽ സാമ്പത്തിക സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതവിദ്യാഭ്യാസത്തിന് ചേരുന്ന മുസ്ലിം വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായും കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടാകുന്നതായുമുള്ള ആൾ ഇന്ത്യാ സർവ്വേ ഓഫ് ഹയർ എഡ്യുക്കേഷന്റെ സ്ഥിതിവിവരക്കണക്കിന്റെ കൂടി അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിലയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | **ഈ റിപ്പോർട്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭ്യമായിട്ടില്ല.** |
| (ബി) | സാമ്പത്തിക പ്രയാസങ്ങൾ അനുഭവിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ സാമ്പത്തിക സഹായങ്ങളും സ്കോളർഷിപ്പുകളും ഗ്രാന്റുകളും അനുവദിച്ച് ഈ സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളെല്ലാം തന്നെ സാമ്പത്തിക പ്രയാസങ്ങൾ അനുഭവിയ്ക്കുന്ന ബി.പി.എൽ വിഭാഗത്തിലെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിയാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ